(ജി) *ജില്ല*		*വിസ്തീർണ്ണം*
തിരുവനന്തപുരം	..	577.4560
കൊല്ലം	..	185.0971
പത്തനംതിട്ട	..	201.6993
ആലപ്പുഴ	..	42.3060
ഇടുക്കി	..	198.9525
കോട്ടയം	..	77.3611
എറണാകുളം	..	218.9516
തൃശ്ശൂർ	..	225.1900
പാലക്കാട്	..	22.3313
മലപ്പുറം	..	18.3765
കോഴിക്കോട്	..	25.2226
വയനാട്	..	19.1392
കണ്ണൂർ	..	48.5829
കാസറഗോഡ്	..	16.0435
ആകെ	..	1876.7096 ഹെ.

(എച്ച്) പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു.

(ഐ) ടാറ്റാ റ്റീ കമ്പനിക്കു മാത്രമേ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളൂ. നിലവിൽ ഏക്കറിന് 100 രൂപ നിരക്കിൽ ലാന്റ് ബോർഡ് അവാർഡ് പ്രകാരമാണ് നൽകിയിരിക്കുന്നത്. പാട്ടനിരക്ക് ഇപ്പോൾ ഭേദഗതി വരുത്തിയിട്ടുള്ളത് മുനിസിപ്പൽ കോർപ്പറേഷൻ മേഖലകളിലെ ഭൂമിക്കു മാത്രമാണ്.

(ജെ) പാട്ടക്കരാർ ലംഘിച്ച എല്ലാ കേസുകളിലും പാട്ടഭൂമി തിരിച്ചെടുക്കണമെന്നും പാട്ടനിരക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന നിരക്കിൽ ആക്കണമെന്നും, ഓരോ പത്ത് വർഷം കൂടുമ്പോഴും പാട്ട വ്യവസ്ഥ പുതുക്കണമെന്നുമാണ് ശുപാർശ. ആയത് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

ലീഗൽ അസിസ്റ്റന്റ് നിയമനവും സീനിയോറിറ്റിയും

61 [677] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട എത്ര കേസുകൾ നിലവിലുണ്ടെന്നും അവയിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനവും സീനിയോറിറ്റിയും സംബന്ധിച്ച് പാലിക്കേണ്ട ചട്ടത്തെ സംബന്ധിച്ച് പി. ആന്റ് എ.ആർ.ഡി. വകുപ്പ് നൽകുന്ന ഉപദേശം പാലിക്കാൻ നിയമവകുപ്പിന് ബാദ്ധ്യതയുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിയമ വകുപ്പിലെ 9390/എഡി 2 (2)/നിയമം/03 നമ്പർ ഫയൽ പി. ആന്റ് എ.ആർ.ഡി. വകുപ്പിൽ അയച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഫയലിൽ ലീഗൽ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി നിശ്ചയിക്കാൻ കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ ഏതു ചട്ടം പാലിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമ വകുപ്പിനെ സംബന്ധിച്ചിടത്തോളം ലീഗൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് 11 കേസുകൾ നിലവിലുണ്ട്. ഇതിൽ എട്ട് (8) കേസുകളിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു കേസിൽ സ്റ്റേറ്റുമെന്റ് ഓഫ് ഫാക്ട്സ് അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്. ബാക്കി രണ്ടു കേസുകളിൽ സ്റ്റേറ്റുമെന്റ് ഓഫ് ഫാക്ട്സ് അയച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിയമ വകുപ്പിനെ സംബന്ധിച്ചിടത്തോളം സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനവും സീനിയോറിറ്റിയും നിശ്ചയിക്കുന്നത്. പ്രസ്തുത ചട്ടങ്ങളുടെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു.†

(സി) നിയമ വകുപ്പിലെ 9390/എഡി 2 (2)/നിയമം/03 നമ്പർ ഫയൽ പി.ആന്റ്.എ.ആർ.ഡി. വകുപ്പിൽ അയച്ചിരുന്നു.

(ഡി) പ്രസ്തുത ഫയലിൽ പി.ആന്റ്.എ.ആർ. വകുപ്പ് ഉപദേശിച്ചിട്ടുള്ളത് നേരിട്ടുള്ള നിയമനങ്ങൾക്ക് ജി.ഒ. (പി) 41/90/പി.ആന്റ്.എ.ആർ.ഡി. തീയതി 17-9-1990 പ്രകാരം ആദ്യം അഡ്വൈസ് ചെയ്ത തീയതി മുതൽ റാങ്കും സീനിയോറിറ്റിയും നിശ്ചയിക്കണമെന്നാണ്.

എക്സ്പ്രസ് ഹൈവേ നിർമ്മാണ പദ്ധതി

62 [678] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് റീച്ചാണ് ആദ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, എന്ന് വ്യക്തമാക്കുമോ;

(സി) നേരത്തെ തീരുമാനിച്ച റൂട്ട് പ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2005-ാമാണ്ട് മദ്ധ്യത്തോടുകൂടി തുടങ്ങുന്നതിനാണ് ആലോചിക്കുന്നത്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനിരിക്കുന്നതേയുള്ളൂ. പ്രാഥമിക പഠനപ്രകാരം മദ്ധ്യഭാഗമാണ് പ്രാധാന്യം അർഹിക്കുന്നത്.

(സി) ഈ നിർദ്ദിഷ്ട പാതയുടെ റൂട്ട് ഫീൽഡിൽ മാർക്ക് ചെയ്ത് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly